**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **13-09-2023 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൻകിട ടെലികോം കമ്പനികൾ മത്സരിക്കുന്ന ഇന്റർനെറ്റ് മേഖലയിൽ ഒരു ജനകീയ ബദൽ പദ്ധതിയായ കെ-ഫോൺ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഡിജിറ്റൽ വിഭജനം ഒഴിവാക്കുക, ഐ.ടി മേഖലയുടെ വളർച്ച, സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തടസ്സരഹിതവും വേഗതയുള്ളതുമായ ഇന്റർനെറ്റ് സംവിധാനം ഒരുക്കുക, ശക്തമായ കോർ, മിഡിൽ-മൈൽ ഇൻഫ്രാസ്ട്രക്ച്ചർ സൃഷ്ടിക്കുക, കമ്മ്യൂണിറ്റി തലത്തിൽ നിലവിലെ ഓപ്പറേറ്റർമാർ സൃഷ്ടിച്ച നെറ്റ് വർക്കുകൾക്ക് പിന്നീട് കെ-ഫോണിലേക്ക് മാറാനും മുഖ്യധാരാ സേവനദാതാക്കൾക്ക് സാമ്പത്തികമായി ആകർഷകമല്ലാത്ത, വലിയ നിർമ്മാണ ചെലവുള്ള പ്രദേശങ്ങളിലേക്ക് കെ ഫോണിലൂടെ സേവനങ്ങൾ എത്തിക്കാനും സാധിക്കുക, സാധാരണ ജനങ്ങൾക്ക് മികച്ച കണക്റ്റിവിറ്റി നൽകുകയും വിപണിയിൽ ഗുണപരമായി ആരോഗ്യകരമായ മത്സരം വർദ്ധിപ്പിക്കുകയും ചെയ്യുക, ഇ-ഗവേണൻസ് സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കുക തുടങ്ങിയ ഘടകങ്ങളാണ് ജനകീയ ബദൽ പദ്ധതിയായ കെ-ഫോൺ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സുഗമവും കാര്യക്ഷമതയോടു കൂടിയതുമായ നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (ബി) | കെ-ഫോൺ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)-ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി)-ന്റെയും സംസ്ഥാന സർക്കാരിന്റെയും യഥാക്രമം 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. തുടർന്ന്, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി (Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. കെ-ഫോൺ പദ്ധതിയുടെ സുഗമവും കാര്യക്ഷമതയോടു കൂടിയതുമായ നടത്തിപ്പിനായി ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച നിലവിലെ വിവരം ചുവടെ ചേർക്കുന്നു:-<br><br>i) 6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | കെ-ഫോൺ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)-ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി)-ന്റെയും സംസ്ഥാന സർക്കാരിന്റെയും യഥാക്രമം 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. തുടർന്ന്, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി (Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. കെ-ഫോൺ പദ്ധതിയുടെ സുഗമവും കാര്യക്ഷമതയോടു കൂടിയതുമായ നടത്തിപ്പിനായി ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച നിലവിലെ വിവരം ചുവടെ ചേർക്കുന്നു:- |

| | | | |
|---|---|---|---|
| | | | i) 6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ